# കുസൃതിക്കുട്ടന്മാരുടെ ഒളിച്ചുകളികൾ

## മദയാനകളുടെ മയക്കുവെടികൾ-3

ഡോ. മാത്യു ജോയിസ്

അമേരിക്ക എന്നും കൊമ്പൻ സ്രാവു തന്നെയാണ്. പക്ഷേ കൊറിയയിലെ കിമ്മ് ഒരു ചെറുമീനാണെന്ന് ഇനി ആരും പറയുകയില്ല. ആണവഭീഷണികളുടെ നിറവിൽത്തന്നെ, കഴിഞ്ഞ രണ്ടുവർഷങ്ങളിൽ നോർത്ത് കൊറിയൻ ഭരണാധിയായ കൊച്ചു പയ്യൻ കീം ഉൻ അമേരിക്കയുടെ ട്രമ്പിനെ കിടുക്കാൻ പലപ്പോഴും വിജയം കണ്ടെത്തിയിരുന്നത്. അന്യോന്യം ഭീഷണിപ്പെടുത്തി പുതിയ പുതിയ അടവുകളും ശക്തിയേറിയ ആയുധങ്ങളും നിരത്തിക്കൊണ്ടിരിക്കെത്തന്നെ, അപ്രതീക്ഷിതമായി ട്രമ്പും കിമ്മു നാമമാത്രമായ ഒരു സമാധാനക്കരാറിൽ രണ്ടാഴ്ചമുമ്പ് കൈയ്യൊപ്പുകൾ ചാർത്തിയതിൽ, വലിയ കഴമ്പൊന്നുമില്ലെന്ന് പലരും കുറ്റപ്പെടുത്താൻ തുടങ്ങിക്കഴിഞ്ഞു. ഒട്ടാവ മുതൽ പാരീസുവരെ അസംതൃപ്തിയുടെ ഞരക്കങ്ങൾ കേൾക്കാനും തുടങ്ങി.

"എന്തറിഞ്ഞിട്ടാണ് സമാധാനക്കരാർ ഉണ്ടായെന്ന് പൊട്ടത്തരം എഴുതി വിടുന്നത്" എന്ന് ഈ ബലഹീനനായ എഴുത്തുകാരനോടും വാക്‌ശരങ്ങൾ എയ്തവരുണ്ട്. ഒന്നേ പറയാനുള്ളു. എല്ലാവർക്കുമറിയാവുന്നതുപോലെ മാത്രമേ, ഈ വികൃതിപ്പയ്യന്മാരുടെ നീക്കങ്ങളെപ്പറ്റി എനിക്കും അറിയാവൂ. ട്രമ്പിന്റെ എല്ലാം തുറന്ന പുസ്തകമാണെങ്കിൽ, കിമ്മിന്റെ ഒന്നും തുറന്ന വെച്ചിട്ടില്ല എന്ന വൻ വ്യത്യാസമുണ്ടെന്നു മാത്രം. ഈ സ്വഭാവ വൈകൃതമായിരിക്കണം ഇവരുടെ ചെയ്തികളിലും, കാഴ്ചക്കാർ സംശയ ദൃഷ്ടിയോടെ വീക്ഷിക്കുന്നതും. രണ്ടുപേരും മോസ്റ്റ് അൺ പ്രഡിക്റ്റബിൾ കാരക്ടേഴ്‌സ് തന്നെയാണ്. ഇന്നും പറയുന്നത് നാളെ വിഴുങ്ങിക്കളയും. ട്രമ്പിനെ നാം ഒരു പരിധിവരെ മനസിലാക്കിക്കഴിഞ്ഞു. പക്ഷേ കിമ്മ് അതൊരു അപൂർവ്വ പിറവി തന്നെ.

എല്ലാം അതീവ രഹസ്യമായി സൂക്ഷിക്കണമെന്ന കാര്യത്തിൽ അത്യന്തം ജാഗ്രത പുലർത്തുന്ന മറ്റൊരു ഭരണാധികാരി ഉണ്ടോ എന്നു തന്നെ സംശയമാണ്. അല്ലെങ്കിൽ പിന്നെ സിംഗപ്പൂർ ഉച്ചകോടിയിൽ സംബന്ധിക്കാൻ വന്നപ്പോൾ, കൊറിയയിൽ നിന്നും സ്വന്തം സ്പെഷ്യൽ ടോയിലറ്റ് കൊണ്ടുവന്നിരുന്നെന്ന് പറയുന്നത് തമാശയല്ല. തന്റെ വിസർജ്ജ്യങ്ങൾ പരിശോധിച്ച് തന്റെ ആരോഗ്യസ്ഥിതിയും, അറിവും ബുദ്ധിയും ചിന്തകളും, ഭാവിയും തരംതിരിച്ചെടുക്കാൻ ശത്രു രാജ്യങ്ങൾ ശ്രമിച്ചാൽ എല്ലാം തകർന്നില്ലെ!

(ഇത്രയും കാലം ഇതിന് ഉപോൽബലകമായി ഒരു സംഭവമേയുള്ളു. നമ്മുടെ സാക്ഷാൽ ഗാന്ധിജിയെ ലണ്ടനിൽ വട്ട സമ്മേളനത്തിന് ക്ഷണിച്ചപ്പോൾ, തന്റെ സ്വന്തം ആടിനെയും ഏച്ചുകെട്ടിയ മരസ്പൂണും കൂടെ കപ്പലിൽ കൊണ്ടുപോയിരുന്നെന്ന് ഫ്രീഡം ബൈമിഡ് നൈറ്റിൽ ചരിത്രമായി

രേഖപ്പെടുത്തിയിരിക്കുന്നു). കിമ്മിന്റെ ബാല്യകാല ചരിത്രങ്ങളോ ജനനത്തീയതിയോ അതീവ രഹസ്യങ്ങളാണ്. മറ്റേതോ പേരിൽ സ്വിറ്റ്സർലണ്ടിൽ പഠിച്ചിട്ടുണ്ടെന്ന് പറയപ്പെടുന്നു. കിം ഉൻസങ്ങ് യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിലും, മലേഷ്യൻ പ്രൈവറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും ഏക്കണോമിക്സിലും ഡിഗ്രികൾ ഉണ്ടെന്നും പറയപ്പെടുന്നു. ബാർബർന്മാരെപ്പോലും തെല്ലും വിശ്വാസമില്ലാത്തതിനാൽ,തന്റെ തലമുടി സ്വയം മിലിട്ടറിക്കട്ടിൽ വെട്ടുകയാണെന്നത് ഇപ്പോൾ രഹസ്യമല്ല. തന്റെ വല്യപ്പൻ കിമിൻസങ്ങിനെപ്പോലെ തോന്നിക്കാൻ പ്ലാസ്റ്റിക് സർജറി നടത്തിയിട്ടുണ്ട്. അധികാരത്തിൽ കയറിയതുമുതൽ 90 പൗണ്ട് ഭാരം കൂടി സ്വയം 'വലിയ മനുഷ്യനാക്കി' ക്കഴിഞ്ഞു.

നോർത്ത് കൊറിയക്കാർ വിശ്വസിക്കുന്നത് ഒരേ ഒരു കൊറിയെ നിലവിലുള്ളുവെന്നതാണ്. അവിഭക്തമായ ഒറ്റ രാജ്യമാണ് അവരുടെ പുസ്തകങ്ങളിലുള്ളത്. വരുമാനത്തിന്റെ മൂന്നിലൊരു ഭാഗം മിലിട്ടറിക്കുവേണ്ടിയും ആയുധങ്ങൾക്കുവേണ്ടിയും മാറ്റി വെയ്ക്കുമ്പോൾ രാജ്യത്തെ 40% ത്തിലധികം ജനങ്ങൾ ദരിദ്രരേഖക്ക് താഴെയാണ്. മിലിട്ടറി, ഗവൺമെന്റ് ഉദ്യോഗസ്ഥർക്കു മാത്രമേ പ്രൈവറ്റ് വാഹനങ്ങൾ ഉപയോഗിക്കാൻ അനുവാദമുള്ളു. ഇന്റർനെറ്റ് പൊതു ജനങ്ങൾക്കില്ല, ഒറ്റച്ചാനൽ റ്റീവി മാത്രം. രാത്രിയിൽ ഇലക്ട്രിസിറ്റി പൂർണ്ണമായും ക്ലോസ്, പകൽ ചിലപ്പോൾ ഒരു മണിക്കൂർ കിട്ടിയാൽ ഭാഗ്യം.

ഇതുപോലെ അടിച്ചമർത്തപ്പെട്ട ഒരു ഭരണത്തിന്റെ ഉടമയായി ലോകത്തെ ഞെട്ടിക്കുന്ന കിമ്മിന് ഒരു പ്രത്യേകതയുണ്ട്. ഫോട്ടോകളിൽ നല്ല ചിരിച്ച മുഖമായിരിക്കും. തന്റെ വ്യക്തിപര വിവരങ്ങളും ദേശീയരഹസ്യങ്ങളും നിഗൂഢമായും രഹസ്യമായും സൂക്ഷിക്കുന്നതിൽ ഈ കുസൃതിക്കുട്ടൻ വിജയിച്ചിട്ടുണ്ട്. പക്ഷ നമ്മുടെ ട്രമ്പിന്റെയെല്ലാം എല്ലാവർക്കുമറിയാമെന്നതാണ് പ്രത്യേകത. ആരേയും കൂസാത്ത കാർക്കശ്യവും പെൺവിഷയത്തിലെ അപാരതകളും രഹസ്യമാക്കണമെന്ന് ട്രമ്പിന് വലിയ നിർബന്ധമൊന്നുമില്ലതാനും.

*******************************************************

ലോകം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന സിംഗപ്പൂരിലെ ജൂൺ 12 ലെ ഉച്ചകോടിയിൽ എല്ലാം വളരെ ലളിതമായിരുന്നെന്ന് തോന്നുന്നു. "കൊറിയൻ ഉപഭൂഖണ്ഡത്തിൽ അമേരിക്കയും സൗത്ത കൊറിയയും സംയുക്തമായി നടത്തിക്കൊണ്ടിരിക്കുന്ന സൈനിക അഭ്യാസങ്ങൾ നിർത്തിവെയ്ക്കണം" കിമ്മിന് പെട്ടെന്ന് വെയ്ക്കാനുള്ള നിർദ്ദേശം അതൊന്നുമാത്രമായിരുന്നു.

ട്രമ്പിന്റെ ഉപദേശകരുമായി ചർച്ച ചെയ്തിട്ടില്ലായിരുന്ന ഉപാധിയായിരുന്നു ആ കേട്ടതെങ്കിലും "ലോക സുരക്ഷയ്ക്ക് ആവശ്യമായത് എന്തും ഞാൻ ചെയ്യാൻ തയ്യാറാണെന്ന്" ട്രമ്പ് സമ്മതിച്ചു. ലോകത്തിലെ വളരെ ശക്തമായ ആണവ ആയുധങ്ങൾ കൈവശമുള്ള ഒരു ഭരണാധികാരിയുമായി ഒത്തൊരുമിച്ചിരുന്ന് നല്ലൊരു ബന്ധം സ്ഥാപിക്കുന്നതിലൂടെ മില്യൺ കണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കാവുന്നതിൽ സന്തോഷമുണ്ടെന്ന് ട്രമ്പ് പ്രസ് കോൺഫറൻസിൽ വെളിപ്പെടുത്തുകയും ചെയ്തു.

ബിൽക്ലിന്റന്റെ കാലത്തുതന്നെ നോർത്തുകൊറിയയിലെ ആണവകേന്ദ്രങ്ങൾ

പരിശോധിക്കുന്നതിന് അന്തർദേശീയ ആറ്റമിക് എനേർജി ഏജൻസിയെ, നോർത്തുകൊറിയാ വിലക്കിയത് ഇന്നും തുടരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ആണവശാക്തീകരണത്തിൻ പതിന്മടങ്ങ് പുരോഗമനം നേടുമ്പോൾ, അവർ ലോകത്തെ ഭീതിയുടെ നിഴലിലേക്ക് വലിച്ചിഴയ്ക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ ആണവനിരായുധീകരണത്തിന് കിമ്മ് വാക്കാൽ സമ്മതിച്ചത് നല്ലമ മാറ്റമായിരിക്കാം. വർഷങ്ങളായി പല വാഗ്ധാനങ്ങൾ ചെയ്യുകയും , അവയെല്ലാം പലപ്രാവശ്യം ലംഘിക്കുകയും പതിവായതിനാൽ, കിമ്മിന്റെ ഉപരിപ്ലവമായ ഈ സമ്മതത്തിൽ, അന്തരാഷ്ട്രതലത്തിൽ ഉപദേശക വൃന്ദത്തിനൊന്നും അത്ര സന്തോഷമായിട്ടില്ലെന്ന് വ്യക്തം. കാരണം നൊടിയിടയിൽ ഉളവാകുന്ന വികാരവിക്ഷോഭങ്ങൾക്കും, തനിക്ക് അപ്പോൾ ഉചിതമെന്ന് തോന്നുന്നതിനും വെട്ടിത്തുറന്ന് അഭിപ്രായം രേഖപ്പെടുത്താനും അതിന്റെ പിൻബലത്തിൽ തീരുമാനങ്ങൾ പറയാനും ട്രമ്പിനെ വെല്ലാൻ മറ്റാരുമില്ലതാനും. അമേരിക്കയുടെ ദേശീയ സുരക്ഷയ്ക്ക് നോർത്ത് കൊറിയ ഭീഷണിയായിത്തുടങ്ങുമ്പോൾത്തന്നെ, സിംഗപ്പൂർ ഉച്ചകോടി കഴിഞ്ഞയുടൻ “ലോകം ഇനി കൂടുതൽ സുരക്ഷിതമാണെന്നും ഉത്തരകൊറിയായെ ഭയപ്പെടേണ്ട” എന്നും ട്രമ്പ് പ്രസ്താവിച്ചിരുന്നു.

സംഗതിയൊക്കെ ശരി. പക്ഷം കളിയിൽ മാറ്റങ്ങൾ കാണാതിരിക്കുന്നതിനാൽ, ട്രമ്പിന് കിമ്മിന്റെ ഒളിച്ചുകളി, പക്ഷേ കളിയിൽ മാറ്റങ്ങൾ കാണാതിരിക്കുന്നതിനാൽ കുട്ടികളുടെ വെറും ‘പീക്ക് അബൂ’ പോലെ തോന്നിത്തുടങ്ങി. കിമ്മിന്റെ ഒളിച്ചുകളി ട്രമ്പിന് തീരെ പിടിച്ചിട്ടില്ല. അതുകൊണ്ട് അതിശക്തമായ ഭാഷയിൽ ഉത്തരകൊറിയയുടെ മേൽ സാമ്പത്തിക ഉപരോധം തുടരാൻ കോൺഗ്രസിനെ നിർദ്ദേശിച്ചുകഴിഞ്ഞു. ആണവ പരീക്ഷണങ്ങളുടെ നിലവിലുള്ള ഉപരോധങ്ങൾക്കുപുറമെ, ഉത്തരകൊറിയക്ക് അമേരിക്കയിലുള്ള സ്വത്തുക്കൾ കൈമാറ്റം ചെയ്യാനോ വിൽക്കാനോ വിലക്ക് ഏർപ്പെടുത്തിക്കഴിഞ്ഞു. ചർച്ചകളുടെ പുരോഗതിയനുസരിച്ച് മാറ്റങ്ങൾക്ക് സാധ്യതയുണ്ടെന്ന് മറുവശത്ത് ട്രമ്പ് നയം വ്യക്തമാക്കിയിട്ടുണ്ട്.

ചർച്ചയാണോ, വെടിയാണോ, ദീർഘദൂരമിസൈലാണോ, കിം കുട്ടൻ ഇതിന് മറുപടിയായിത്തരുന്നതെന്ന് “ഗോഡ് ഒൺളീ നോസ്”!